## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 665 — 24/01/2018-ൽ മറുപടിക്ക്

## ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം<br>**ശ്രീ.വി.കെ.സി.മമ്മത്കോയ** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ സർക്കാർ, സ്വകാര്യ ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ വെള്ളത്തൂവൽ (3.6 MW) പെരുന്തേനരുവി (6 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു. ആകെ (9.6 MW). സ്വകാര്യമേഖലയിൽ ഇ.എം.സിയുടെ അധീനതയിൽ പാതംകയം 8MW, കാരിക്കയം രണ്ടാം സ്റ്റേജ് – 4.5 MW എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം പദ്ധതികളിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിച്ചു; | (ബി) | കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള രണ്ടു പദ്ധതികളിൽ നിന്നും 9.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കുന്നുണ്ട്. ഈ പദ്ധതികളിൽ നിന്നും ഡിസംബർ 2017 വരെ 10.3481 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സ്വകാര്യ മേഖലയിലുള്ള രണ്ട് പദ്ധതികളിൽ നിന്നും 12.5 മെഗാ വാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കുന്നുണ്ട് ഈ പദ്ധതികളിൽ നിന്നും ഡിസംബർ 2017 വരെ 21.4353 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്. |

(...2)

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ ചെറുകിട ജല വൈദ്യുത പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | ചെറുകിട ജല വൈദ്യുത പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി 2012 ലെ ചെറുകിട ജലവൈദ്യുത നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതികൾ അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കി കൂടുതൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ഉതകുന്ന രീതിയിൽ 2012 ലെ ചെറുകിട ജലവൈദ്യുത നയം പുതുക്കുന്നതിനുവേണ്ടിയുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

dts

സെക്ഷൻ ഓഫീസർ